(ബി) നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ പ്രവർത്തിച്ചുവരുന്ന കരിങ്കൽ ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ഇല്ലാതെ 2 വർഷം കൂടി പ്രവർത്തനം തുടരുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ചെങ്കൽ ഖനനത്തിന് പാരിസ്ഥിതികാനുമതി ഒഴിവാക്കുകയും ചെയ്തിരുന്നു. എന്നാൽ WP(C) No.8531/2015(S)-ൽ സമർപ്പിച്ച IA No.7872/15-ന് മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി 17-6-2015-ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം പാരിസ്ഥിതികാനുമതിയോടുകൂടി മാത്രമേ എല്ലാവിധ ഖനനപ്രവർത്തനങ്ങളും അനുവദിക്കാവൂ എന്ന് ബന്ധപ്പെട്ട അധികാരികൾക്ക് കോടതി നിർദ്ദേശമുണ്ട്. ഈ ഉത്തരവിൻമേൽ പുനഃപരിശോധനാ ഹർജി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

നിലവിലുള്ള നിർമ്മാണ വസ്തുക്കൾക്ക് പകരം ഉപയോഗിക്കാവുന്ന വസ്തുക്കളുടെ കാര്യത്തിൽ സർക്കാർ പ്രോത്സാഹനം നൽകിവരുന്നു. മണലിന് പകരം ഉപയോഗിക്കാവുന്ന എം-സാന്റ് ഉത്പാദിപ്പിക്കുന്നതിന് ഉപയുക്തമായ കരിങ്കൽ ക്വാറികൾ കണ്ടെത്തുന്നതിനും മണൽ നിക്ഷേപസാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. വേസ്റ്റ് പ്ലാസ്റ്റിക്, ഷ്രഡ്ഡ് പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ചുള്ള റോഡ്, സബ് ഗ്രേഡ്, സ്റ്റെബിലൈസേഷൻ പഠനവും ഇഷ്ടികയുപകരം ഫ്ലൈ ആഷ് ബ്ലോക്കുകൾ നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള പഠനവും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്നു.

പാരമ്പര്യേതര ഊർജ്ജ ഉത്പാദനം

9(*188) ശ്രീ. എളമരം കരീം :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ്ജ ഉല്പാദന മേഖലയിലുള്ള സാദ്ധ്യത എത്രത്തോളം ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ ഉല്പാദന സ്രോതസ്സ് എത്രത്തോളമുണ്ടെന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി പ്രതിസന്ധിമൂലം നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടിവരുമ്പോഴും കുത്തനെ നിരക്ക് വർദ്ധന വരുത്തേണ്ട സാഹചര്യം ഉണ്ടാകുമ്പോഴും ഇത്തരം ഊർജ്ജ ഉല്പാദന സാദ്ധ്യത പരമാവധി ഉപയോഗപ്പെടുത്താത്തത് എന്തുകൊണ്ടാണ്?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. 1990 മുതൽ 2008 വരെ 26 വിന്റ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിച്ച് നടത്തിയ പഠനങ്ങളിൽ 17 സ്ഥലങ്ങൾ കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 11 സ്ഥലങ്ങൾ ഇടുക്കി ജില്ലയിലും 5 സ്ഥലങ്ങൾ പാലക്കാടും ഒരെണ്ണം തിരുവനന്തപുരം ജില്ലയിലുമാണ്. മേൽ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഏകദേശം 790 മെഗാവാട്ട് വൈദ്യുതി കാറ്റിൽനിന്നും ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് 700 മെഗാവാട്ട് ശേഷിയുണ്ടെന്ന് കണക്കാക്കപ്പെടുന്നു. സൗരവൈദ്യുത പദ്ധതികളുടെ ശേഷി ഇതിനായി മാറ്റിവയ്ക്കാവുന്ന നിഴൽ വീഴാത്ത ഇടങ്ങളുടെ വ്യാപ്തിയെ ആശ്രയിച്ചിരിക്കുന്നു. അത് എത്രയെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി) പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. എന്നാൽ സാങ്കേതിക വിദ്യയിലെ വികാസത്തിലൂടെ മാത്രമേ ഈ പദ്ധതികളിൽനിന്നുള്ള വൈദ്യുതി വ്യാപാര നിലവാരത്തിൽ പൂർണ്ണമായും എത്താനാവൂ. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾവഴി വൈദ്യുതി ഉത്പാദനത്തിനു വേണ്ടിവരുന്ന വർദ്ധിച്ച ചെലവുമൂലം വ്യാപകമായി ഇത്തരം സ്രോതസ്സുകളെ ആശ്രയിക്കുന്നതിന് ഇപ്പോൾ തടസ്സമുണ്ട്.

ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവത്കരണം

10(*189) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly